LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപ വായ്പാ അനുപാതം

*13 [164] *ശ്രീ. കെ. ബാബു:*
,, ബി. വിജയകുമാർ:
,, കെ. സുധാകരൻ:
,, എം. മുരളി:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നിക്ഷേപ-വായ്പാ അനുപാതമെത്രയാണ്;

(ബി) ഇക്കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ഈ അനുപാതം കുറയുകയാണോ കൂടുകയാണോ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 59.01%. ഇത് കഴിഞ്ഞ 10 വർഷത്തെ കണക്കനുസരിച്ച് ഏറ്റവും ഉയർന്നതാണ്.

(ബി)

വർഷം	*അനുപാതം*
മാർച്ച് 2003	45.47%
മാർച്ച് 2004	48.31%
മാർച്ച് 2005	59.01%

അനുപാതം കൂടുകയാണ് ചെയ്തിട്ടുള്ളത്.

വെള്ളക്കരം വർദ്ധിപ്പിക്കൽ

**14 [165] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*
ശ്രീ. പിരപ്പൻകോട് മുരളി:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം വർദ്ധിപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വെള്ളക്കരം വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച തീരുമാനം വെളിപ്പെടുത്താമോ;